സർക്കാർ ഭൂമിയിൽ കയ്യേറ്റം നടത്തിയത് സംബന്ധിച്ച്

184 (1264) ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി ദയവായി മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർക്കാർ ഭൂമി കയ്യേറ്റം നടത്തി കൈവശം വച്ച് വരുന്നവരായി റിപ്പോർട്ട് ചെയ്യപ്പെട്ട കണക്കുകൾ ഏതെന്നുമുതൽ ഇതുവരെ തിരിച്ച് വിശദമാക്കുമോ; ആകെ എത്ര ഏക്കർ ഭൂമി കയ്യേറ്റം ചെയ്ത് കൈവശം വച്ച് വരുന്നുണ്ട്;

(ബി) സർക്കാർ ഭൂമിയിലെ കയ്യേറ്റങ്ങൾക്ക് നിയമസാധുത നൽകിക്കൊണ്ട് റവന്യൂ വകുപ്പ് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ടോ; വിജ്ഞാപനമനുസരിച്ച് ഏത് തീയതി വരെ, എത്ര ഏക്കർ വരെയുള്ള കയ്യേറ്റങ്ങൾക്കാണ് നിയമ സാധുത നൽകിയിരിക്കുന്നത്; ഇത് സംബന്ധമായ വിജ്ഞാപനത്തിന്റെ ഒരു പകർപ്പ് സഭയുടെ മേശപ്പുറത്ത് വയ്ക്കുമോ;

(സി) വിജ്ഞാപനം പുറപ്പെടുവിക്കുന്നതിന് മുൻപായി, വിജ്ഞാപനം വഴി നിയമ സാധുത ലഭിക്കുന്ന കയ്യേറ്റക്കാരുടെ എണ്ണവും ഭൂമിയും ഭൂമിയെ സംബന്ധിച്ച കണക്കുകളും ശേഖരിക്കുകയുണ്ടായിട്ടുണ്ടോ; എങ്കിൽ അത് വിശദമാക്കുമോ?

ഉത്തരം

(എ) തിരുവനന്തപുരം ജില്ലയിൽ 102.67.62 ഹെക്ടർ ഭൂമി 1358 സ്വകാര്യ വ്യക്തികൾ/സ്ഥാപനങ്ങൾ അനധികൃതമായി കയ്യേറി കൈവശം വച്ചുവരുന്നു. കൊല്ലം ജില്ലയിൽ 12.78.05 ഹെക്ടർ ഭൂമിയും, പത്തനംതിട്ട ജില്ലയിൽ 5.18.70 ഹെക്ടർ ഭൂമിയും കയ്യേറ്റം ചെയ്ത് കൈവശം വച്ചിട്ടുണ്ട്. ആലപ്പുഴ ജില്ലയിൽ 03 ഹെക്ടർ 86 ആർസ് 32 ച.മീറ്റർ സർക്കാർ ഭൂമി കയ്യേറിയതിൽ 03 ഹെക്ടർ 72 ആർസ് 46 ച.മീറ്റർ ഭൂമി തിരിച്ചുപിടിച്ചിട്ടുണ്ട്. കോട്ടയം ജില്ലയിൽ 85 കേസുകളിലായി 6.53.8515 ഹെക്ടർ സർക്കാർ ഭൂമി കൈവശം വച്ചിട്ടുണ്ട്. ഇടുക്കി ജില്ലയിൽ 173 കേസുകളിൽ ആകെ 95.9912 ഹെക്ടർ ഭൂമി കയ്യേറ്റത്തിലൂടെ കൈവശം വച്ചിട്ടുണ്ട്. എറണാകുളം ജില്ലയിൽ 99 കേസുകളിലായി 5.8135 ഹെക്ടർ ഭൂമി കയ്യേറ്റം ചെയ്ത് കൈവശം വച്ചുവരുന്നു. തൃശ്ശൂർ ജില്ലയിൽ 162 കേസുകൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളതും അതിൽ 64 എണ്ണം ഒഴിപ്പിച്ചിട്ടുള്ളതുമാണ്.

LIBRARY ARCHIVES Kerala Legislative Assembly

ബാക്കിയുള്ള 98 കേസുകളിലായി ആകെ 6.5078 ഹെക്ടർ (10.07 ഏക്കർ) ഭൂമി ഒഴിപ്പിക്കാനുണ്ട്. കോഴിക്കോട് ജില്ലയിൽ 13.2324 ഹെക്ടർ ഭൂമി സ്വകാര്യ വ്യക്തികൾ കയ്യേറ്റത്തിലൂടെ കൈവശം വച്ചുവരുന്നുണ്ട്. വയനാട് ജില്ലയിൽ 79.5592 ഹെക്ടറും പാലക്കാട് ജില്ലയിൽ 328 കേസുകളിലായി 13.6750 ഹെക്ടർ പുറമ്പോക്ക് ഭൂമിയും, കണ്ണൂർ ജില്ലയിൽ 1.7923 ഹെക്ടർ ഭൂമിയും കാസർഗോഡ് ജില്ലയിൽ 110 പേർ 30.29 ഏക്കർ ഭൂമിയും അനധികൃതമായി കൈവശം വച്ചുവരുന്നത് ഒഴിപ്പിക്കാനുണ്ട്.

(ബി) 1-6-2015-ന് 10 വർഷം പൂർത്തിയാക്കുന്ന മലയോര മേഖലയിൽ സർക്കാർ ഭൂമിയിലെ കൈവശങ്ങളിൽ പ്രതിഷേധാർഹമല്ലാത്ത കയ്യേറ്റങ്ങൾ പതിച്ച് നൽകുവാൻ വ്യവസ്ഥ ഉൾപ്പെടുത്തി 1-6-2015-ലെ G.O(P)217/15/RD - SRO No.436/2015 പ്രകാരം സർക്കാർ ഉത്തരവായിരുന്നു. എന്നാൽ ടി നോട്ടിഫിക്കേഷൻ G.O.(P)570/15/RD dated 14-10-2015 SRO No.702/2015 പ്രകാരം പിൻവലിച്ചിട്ടുള്ളതാണ്. പ്രസ്തുത വിജ്ഞാപനങ്ങളുടെ പകർപ്പുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) ശേഖരിച്ചിട്ടില്ല.

സർക്കാർ ഭൂമിയിൽ താമസിച്ചുവരുന്ന കുടുംബങ്ങൾക്ക് പട്ടയം

185 (1265) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഭൂമിയിൽ കടിൽ കെട്ടി വർഷങ്ങളായി താമസിച്ചുവരുന്ന കുടുംബങ്ങൾക്ക് പട്ടയം അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) കാസർഗോഡ് ജില്ലയിൽ ഇത്തരത്തിൽ പട്ടയത്തിന് അപേക്ഷിച്ചവർ എത്രയുണ്ട്; വിശദാംശങ്ങൾ അറിയിക്കാമോ;

(സി) വർഷങ്ങളായി കെട്ടിക്കിടക്കുന്ന പ്രസ്തുത അപേക്ഷകളിൻമേൽ തീർപ്പ് കല്പിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ?

ഉത്തരം

(എ) ഉണ്ട്. അർഹത പരിശോധിച്ച് പട്ടയം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly